**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ ,കുണ്ടറ മണ്ഡലത്തിൽ നടന്നുവരുന്ന ഫിഷറീസ് റോഡുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കുണ്ടറ നിയോജകമണ്ഡലം പുരോഗമിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | റോഡ് | നിലവിലെ അവസ്ഥ |
|---|---|---|
| 1 | പെരിനാട് ഗ്രാമപഞ്ചായത്തിലെ കേരളപുരം ജംഗ് ഷൻ മുതൽ ചന്ദനത്തോപ്പ് ഐ.റ്റി.ഐ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം. (288 ലക്ഷം) | റെയിൽവേ അതിർത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച ശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പ്രശ്നം പരിഹരിച്ച ശേഷവും പ്രവൃത്തി പുരോഗമിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 2 | പെരിനാട് ഗ്രാമപഞ്ചായത്തിലെ ഇളമ്പള്ളൂർ മുതൽ കേരളപുരം ജംഗ് ഷൻ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം. (329 ലക്ഷം) | റെയിൽവേ അതിർത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച ശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പ്രശ്നം പരിഹരിച്ച ശേഷവും പ്രവൃത്തി പുരോഗമിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 3 | പെരിനാട് ഗ്രാമ പഞ്ചായത്തിലെ സ്വാമിക്കട ജംഗ് ഷൻ മുതൽ മഞ്ചാടിമൂല കടത്ത്കടവ് വരെയുള്ള റോഡിന്റെ നിലവാരമുയർത്തൽ പ്രവൃത്തി. (139.5 ലക്ഷം) | ഫില്ലിംഗ് ഭാഗികമായി പൂർത്തിയായി. സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി ഏറെക്കുറെ പൂർത്തിയായി. എന്നാൽ പണി പുരോഗമിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനരേർപ്പാടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| 4 | പേരയം ഗ്രാമ പഞ്ചായത്തിലെ ബ്രൂണോ ബർണാഡ് മുതൽ പുലിച്ചാണി കായൽവാരം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം. (120.6 ലക്ഷം) | സംരക്ഷണഭിത്തിയുടെ പണി പുരോഗമിക്കുന്നു. തർക്കമുള്ള ഭാഗം ഒഴിച്ച് ശേഷിക്കുന്ന ഭാഗത്തെ പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 5 | Steel wire plant പനയംകോട് ആഞ്ചേരി ഏല കിളിത്തട്ട് വിള പിള്ളവീട് കാവ് തെങ്ങയം റോഡിന്റെ പുനരുദ്ധാരണം. (166.5 ലക്ഷം) | സ്ഥലം സംബന്ധിച്ച് തർക്കം ഉള്ള ഭാഗം ഒഴികെയുള്ള റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തർക്കം പരിഹരിച്ച ഭാഗത്തെ റോഡ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. പഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരമുള്ള അധിക ഡ്രെയിനേജ് പ്രവൃത്തികൾ വെള്ളക്കെട്ട് കാരണം ഇപ്പോൾ നിർത്തിവച്ചിരിക്കുന്നു. |

| | | |
|---|---|---|
| 6 | പെരിനാട് ഗ്രാമപഞ്ചായത്തിലെ കണ്ടറ വെറ്റിനറി ഹോസ്പിറ്റൽ ജംഗ്ഷൻ മുതൽ നാന്തിരിക്കൽ ചർച്ച് റ്റി.സി.എം. ജംഗ്ഷൻ റോഡിന്റെ നിലവാരം ഉയർത്തൽ.<br>(190 ലക്ഷം) | പ്രധാന റോഡ് പൂർത്തിയായി. ബൈ റോഡ് 3 പ്രവൃത്തി പുരോഗമിക്കുന്നു |
| 7 | ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 4, 5ൽ ഗുരുമന്ദിരം മുതൽ പിള്ളവീട്ടിൽ ഏലാ വരെയുള്ള റോഡ്, ഇണ്ടിളയപ്പൻ സ്വാമി ക്ഷേത്രം മുതൽ അത്തിപ്പറമ്പ് കളരി റോഡ് എന്നിവയുടെ നവീകരണം.<br>(50 ലക്ഷം) | പ്രവൃത്തി നടത്തേണ്ട സ്ഥലം കരാറുകാരന് കൈമാറി നല്കി. പ്രവർത്തി ഉടൻ ആരംഭിക്കും |
| 8 | സത്യം മെമ്മോറിയൽ ക്ലബ് വില്ലേജ് ഓഫീസ് റോഡ് - കൊല്ലം ജില്ലയിലെ കുണ്ടറ നിയോജകമണ്ഡലത്തിൽ വില്ലേജ് ഓഫീസ് ജംഗ്ഷൻ റോഡ് വഴി മാമ്പട് സത്യം മെമ്മോറിയൽ ക്ലബ് മുട്ടപ്പിലങ്ങയൽ നവീകരണം.<br>(50 ലക്ഷം) | പ്രവൃത്തി നടത്തേണ്ട സ്ഥലം കൈമാറി നല്കി. ഇനിഷ്യൽ ലെവല്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ